
# 2 എന്താണ് നീളം? എന്താണ് വട്ടം?

## ചുറ്റും നോക്കൂ!

വിദ്യ ചേച്ചി എല്ലാ കുട്ടികളോടും വട്ടത്തിൽ ഇരിക്കാൻ പറഞ്ഞു





not to be republished


ക്ലാസിൽ ഈ കളി കളിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. നീളമുള്ളത്-വട്ടത്തിലുള്ളത് എന്നിങ്ങനെ രണ്ട് തരത്തിലുള്ള വസ്തുക്കൾ കുട്ടികൾ തെരഞ്ഞെടുക്കാം. ഈ വസ്തുക്കളെ വിശദീകരിക്കുമ്പോൾ ആവർത്തനം ഇല്ലാത്ത രീതിയിൽ വ്യത്യസ്തമായി അവതരിപ്പിക്കാം. നീളമുള്ള വസ്തുക്കൾക്ക് നീളം വീതി എന്നിങ്ങനെ മാനങ്ങൾ നൽകാം. കാരണമായി ചിലർക്ക് ഒരു ഗ്ലാസ് നീളമുള്ള വസ്തുവായിരിക്കാം. മറ്റു ചിലർക്ക് ഇത് വട്ടത്തിലുള്ളതും. രണ്ട് കാഴ്ചപ്പാടുകളും പരിഗണിക്കേണ്ടതുണ്ട്. അവരുടെ ന്യായീകരണം അവതരിപ്പിക്കട്ടെ



## ചിന്തിച്ച് പ്രവർത്തിക്കാം

A. വട്ടത്തിലുള്ള വസ്തുക്കൾ ഇതിൽ വരയ്ക്കുക. ◯ നീളത്തിലുള്ള വസ്തുക്കൾ ഇതിൽ വരയ്ക്കുക ▭.













© NCERT not to be republished

B. സമാനമായ ആകൃതിയുള്ള വസ്തുക്കൾ ചേരുംപടി ചേർക്കുക.


















© NCERT not to be republished



C. പന്തിനു സമാനമായ ആകൃതിയുള്ള ✓ വസ്തുക്കൾക്ക് ശരി ഇടുക. 









D. തൊപ്പിക്ക് സമാനമായ ആകൃതിയുള്ള ✓ വസ്തുക്കൾ ശരി ഇടുക  .

E. ഗ്ലാസിനു സമാനമായ ആകൃതിയുള്ള ✓ വസ്തുക്കൾ ശരി ഇടുക.  .

F. തീപ്പെട്ടിക്ക് സമാനമായ ✓ ആകൃതിയുള്ള വസ്തുക്കൾ ശരി ഇടുക  .






## നമുക്ക് ചെയ്യാം?

നിങ്ങളുടെ ചുറ്റുപാടുകളിലെ വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് വീട്, കളിപ്പാട്ടം, ടവർ, റോബോട്ട്, ബസ് അല്ലെങ്കിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന എന്തും നിർമ്മിക്കുക. നോട്ട്ബുക്കുകൾ, പുസ്തകങ്ങൾ, പെൻസിൽ ബോക്സ്, വാട്ടർ ബോട്ടിൽ, പാഴ്വസ്തുക്കൾ അല്ലെങ്കിൽ പഴയ ബോക്സുകൾ, ജന്മദിന തൊപ്പികൾ, ഫണലുകൾ മുതലായവയും നിങ്ങൾക്ക് ഉപയോഗിക്കാം.

കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും ഓരോ ആകൃതി നൽകുക. അതേ ആകൃതിയിലുള്ള ഉപയോഗിച്ചവയോ ഉപയോഗശൂന്യമായവയോ ആയ രണ്ട് ഉൽപ്പന്നങ്ങൾ കൊണ്ടുവരാൻ ആവശ്യപ്പെടുക.. ഈ ഉൽപ്പന്നങ്ങൾ വെച്ചുള്ള ഒരു പ്രദർശനം ഒരുക്കുകയും ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ വസ്തുക്കൾ തെരഞ്ഞെടുക്കുവാനുള്ള കാരണമെന്ത് എന്ന് കുട്ടികൾ വിശദീകരിക്കുകയും ചെയ്യുന്നു.





© NCERT not to be republished

## വിവേകമുള്ള മുത്തശ്ശി



ഒരിടത്ത്  മുത്തശ്ശിയെ
കാണാൻ പോകുന്ന ഒരു
ആട്ടിൻകുട്ടി ഉണ്ടായിരുന്നു

ഒരു ചെന്നായ ഈ കുഞ്ഞാടിനെ കാണുകയും അതിനെ പിടിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.




കുഞ്ഞാട് തന്റെ മുത്തശ്ശിയോട് എല്ലാ വിവരങ്ങളും പറഞ്ഞു.മുത്തശ്ശിക്ക് ഒരു ബുദ്ധി തോന്നി.

മുത്തശ്ശി ആട്ടിൻകുട്ടിയെ ഒരു വലിയ *വീപ്പയിൽ* ഇട്ടിട്ട് തിരിച്ച് വീട്ടിലേക്ക് ഉരുട്ടിവിട്ടു




ഈ കഥ ഉറക്കെ വായിച്ച് അവതരിപ്പിക്കാൻ കുട്ടികളോട് പറയുന്നു




© NCERT not to be republished

വീപ്പ *അതിവേഗത്തിൽ* ഉരുണ്ടുപോയി. ചെന്നായ അതിൻറെ പിന്നാലെ ഓടുവാൻ തുടങ്ങി



എന്തുകൊണ്ടായിരിക്കും ആ വീപ്പ ഉരുണ്ടതെന്ന് കുട്ടികൾ കണ്ടുപിടിക്കട്ടെ.






*വീപ്പയുടെ* ആകൃതി /വീട്ടിലേക്കുള്ള വഴിയിലുള്ള ചരിവ് എന്നിവ അടിസ്ഥാനമാക്കിയുള്ള ഒരു ചർച്ച ക്ലാസ്സിൽ നടത്തുക



## നമുക്ക് തെന്നിവീഴാം

ചുവടെ കാണിച്ചിരിക്കുന്നതുപോലെ കുട്ടികൾ കാരം കളിക്കുന്നു. ഒരു സ്ട്രൈക്കർ കോണിൽ എത്താൻ എങ്ങനെ വഴുതിവീഴുന്നുവെന്ന് നിങ്ങൾക്ക് കളിക്കാനും കാണാനും കഴിയും.




A. ഉരുണ്ട് പോകുന്ന വസ്തുക്കൾക്ക് നേരെ 'R' എന്നും തെന്നി പോകുന്ന വസ്തുക്കൾക്ക് നേരെ 'S' ◯ എന്നുംഎഴുതുക




B. ചുറ്റുപാടുമുള്ള വസ്തുവകകൾ കണ്ടെത്തി അവ ഉരുളുന്നവയോ തെന്നി പോകുന്നവയോ എന്ന് കണ്ടെത്തുക

C. ഉരുണ്ടു പോകുവാൻ കഴിയുന്നതും തെന്നി പോകുവാൻ കഴിയുന്നതുമായ വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടോ? അങ്ങനെയെങ്കിൽ അത് ക്ലാസിൽ ചർച്ച ചെയ്യുക




വീട്ടിലോ സ്കൂളിലോ ഉള്ള ഉരുണ്ട് പോകാൻ കഴിയുന്നതും തെന്നി പോകാൻ കഴിയുന്നതുമായ വസ്തുക്കളെ കുറിച്ച് പറയുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. അവയെ ഉരുളാൻ സഹായിക്കുന്ന ഘടകവും തെന്നി പോകാൻ സഹായിക്കുന്ന ഘടകവും ക്ലാസിൽ ചർച്ച ചെയ്യുന്നു



© NCERT not to be republished

## ചിന്തിക്കൂ പ്രവർത്തിക്കൂ

താഴെ നൽകിയിരിക്കുന്ന വസ്തുക്കൾ ഉരുണ്ടുപോകുന്നതോ തെന്നി പോകുന്നതോ, രണ്ടിനും കഴിയുന്നതോ എന്ന് എഴുതുക. ✓ അല്ലെങ്കിൽ X ചിഹ്നം ഇടുക

| വസ്തു | ഉരുണ്ടുപോകുന്നത് | തെന്നി പോകുന്നത് | ഉരുണ്ടും തെന്നിയും പോകുന്നത് |
|---|---|---|---|
|  | | | |
|  | | | |
|  | | | |
|  | | | |
|  | | | |
|  | | | |
|  | | | |
|  | | | |

## പ്രൊജക്റ്റ് വർക്ക്

A. ഷൂവിന്റെ പെട്ടി, പഴവർഗ്ഗങ്ങളുടെ പെട്ടി, ആഹാരസാധനങ്ങളുടെ പെട്ടി തുടങ്ങിയ കാർഡ് ബോർഡ് പെട്ടികൾ ശേഖരിക്കുക. പെട്ടിയുടെ മുന്നിൽ ഒരു വിടവുണ്ടാക്കുക. അതിനോടൊപ്പംകണ്ണ്,വായ്,മൂക്ക്എന്നിവവരച്ച്ഒരുപാവയുണ്ടാക്കിരക്ഷിതാക്കളുടെയോ അധ്യാപകരുടെയോ സഹായത്തോടെ നിർമിച്ചു കളിക്കുക. ഇഷ്ടപ്പെട്ട കഥകളിൽനിന്ന് പാവകളുണ്ടാക്കി ക്ലാസ്സിൽ പാവകളുടെ പ്രദർശനം സംഘടിപ്പിക്കുക

B. വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് ഒരു ഗോപുരം പണിയുക. ഏത് ആകൃതിയിലുള്ള വസ്തുക്കൾ ഉപയോഗിക്കുമ്പോഴാണ് ഉയർന്നതും ഉറപ്പുള്ളതുമായ ടവർ ഉണ്ടാക്കാൻ കഴിയുന്നത് , എന്ന് കണ്ടുപിടിക്കുക

C. വ്യത്യസ്ത ആകൃതിയിലുള്ള വസ്തുക്കൾ കളിമണ്ണ് ഉപയോഗിച്ച് നിർമിക്കാം

© NCERT not to be republished